# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3764 21.06.2018-ൽ മറുപടിയ്ക്ക്

## ഇ-വേ ബിൽ സമ്പ്രദായം

| ചോദ്യം<br>ശ്രീ.സി. ദിവാകരൻ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇ-വേ ബിൽ നടപ്പിലാക്കിയതിന് ശേഷം നികുതി വരുമാനം വർദ്ധിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | സംസ്ഥാനത്ത് ഇ-വേ ബിൽ സമ്പ്രദായം 01.04.2018 മുതൽ നടപ്പിലാക്കി. 31.05.2018 വരെയുള്ള കണക്ക് പ്രകാരം നികുതി വരുമാനത്തിൽ 56.69 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2018 ഏപ്രിൽ, മെയ് എന്നീ മാസങ്ങളിൽ കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട ജി.എസ്.ടി. കോമ്പൻസേഷൻ ഇതുവരെയും ലഭിച്ചിട്ടില്ല. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>(തുക കോടിയിൽ)<br>2017-18 സാമ്പത്തിക വർഷം 31.05.2017 വരെ ലഭിച്ചത്: 4809.51<br>2018-19 സാമ്പത്തിക വർഷം 31.05.2018 വരെ ലഭിച്ചത്: 4866.20<br>വർദ്ധനവ് (തുകയിൽ): 56.69 |
| (ബി) | ഇ-വേ ബിൽ സംവിധാനം ഏർപ്പെടുത്തിയ ശേഷവും നികുതി വെട്ടിപ്പ് നടത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (ബി) | അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന് 2018 ഏപ്രിൽ 1 മുതലും സംസ്ഥാനത്തിനകത്തുള്ള ചരക്ക് നീക്കത്തിന് 2018 ഏപ്രിൽ 15 മുതലുമാണ് ഇ-വേ ബിൽ നിർബന്ധമാക്കിയത്. ഇ-വേ ബിൽ പരിശോധിക്കുന്നതിന് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇ-വേ ബിൽ ഓൺലൈനായി പരിശോധിക്കുന്നതിനാവശ്യമായ സാങ്കേതിക സംവിധാനങ്ങളും ഇന്റലിജൻസ് |

| | | | |
|---|---|---|---|
| | | | വിഭാഗത്തിന് നൽകിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകൾ നിർത്തലാക്കിയതിനെ തുടർന്ന് അവിടെ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ശക്തിപ്പെട്ടുത്തിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**